LIBRARY ARCHIVES Kerala Legislative Assembly

യുവാക്കളുടെ സ്റ്റാർട്ട് അപ്പ് സഹകരണ സംഘം

250 (3682) ശ്രീ. പി. എസ്. സുപാൽ:

ശ്രീ. വി. ആർ. സുനിൽകുമാർ:

ശ്രീ. മുഹമ്മദ് മുഹസിൻ:

ശ്രീ. വാഴൂർ സോമൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് യുവാക്കൾക്ക് തൊഴിൽ നൽകാൻ സഹകരണ വകുപ്പിന് കീഴിൽ സ്റ്റാർട്ട് അപ്പ് സഹകരണ സംഘങ്ങൾ പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

സംസ്ഥാനത്ത് യുവാക്കൾക്ക് തൊഴിൽ നൽകാൻ സഹകരണ വകുപ്പിന് കീഴിൽ സ്റ്റാർട്ട് അപ്പ് സഹകരണ സംഘങ്ങൾ പരിഗണനയിലുണ്ട്. ബഹു. കേരള ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിന്റെ ഭാഗമായി യുവാക്കളെ സഹകരണ മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനും സംസ്ഥാനത്തിന്റെ സുസ്ഥാപിതമായ സഹകരണ ശൃംഖലയുടെ സേവനം നൽകുന്നതിനും യുവ സംരംഭകർക്കായി സംസ്ഥാനത്ത് 25 സഹകരണ സംഘങ്ങൾ രൂപീകരിക്കുന്നത് സംബന്ധിച്ച് പ്രഖ്യാപനം നടത്തിയിരുന്നു. ആയത് സർക്കാരിന്റെ നൂറ്ദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 18 വയസ്സിനും 45 വയസ്സിനുമിടയിൽ പ്രായമുള്ളവരും നൂതന ആശയങ്ങൾ പ്രാവർത്തികമാക്കുന്നതിൽ തത്പരരുമായ സഹകരണ മൂല്യങ്ങളിൽ വിശ്വസിക്കുന്ന യുവജനങ്ങൾക്ക് സാമൂഹ്യ, സാമ്പത്തിക, സാംസ്കാരിക പുരോഗതി കൈവരിക്കുന്നതിനായി സംരംഭങ്ങൾ ആരംഭിക്കുക ആയത് വഴി യുവജനങ്ങളെ സഹകരണ മേഖലയിലേയ്ക്ക് ആകർഷിക്കുക എന്നുള്ളതാണ് ഇത്തരത്തിലുള്ള സ്റ്റാർട്ട് അപ്പ് സഹകരണ സംഘങ്ങൾ രൂപീകരിക്കുന്നതിലൂടെ ലക്ഷ്യമിടുന്നത്.

(ബി) സ്റ്റാർട്ട് അപ്പ് സഹകരണ സംഘങ്ങൾക്കായുള്ള നിയമാവലി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

സ്റ്റാർട്ട് അപ്പ് സഹകരണ സംഘങ്ങൾക്കായുള്ള നിയമാവലി തയ്യാറാക്കിയിട്ടുണ്ട്. യുവജന സഹകരണ സംഘം രജിസ്റ്റർ ചെയ്യുന്നതിന് 18 വയസ്സിനും 45 വയസ്സിനും ഇടയിൽ പ്രായമുള്ള വ്യത്യസ്ത കുടുംബത്തിൽപ്പെട്ട 25 പേരിൽ കുറയാത്ത അംഗങ്ങളുണ്ടാകണം. 1969-ലെ കേരള സഹകരണ

നിയമം അനുസരിച്ചാണ് യുവജന സഹകരണ സംഘം രജിസ്റ്റർ ചെയ്യുന്നത്. ഒരു ജില്ലയ്ക്കത്ത് പ്രവർത്തന പരിധിയായിട്ടാണ് യുവജന സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്യ നൽകുന്നത്. ആയതിനുള്ള മാതൃകാ നിയമാവലി സഹകരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(സി) ഏതെല്ലാം മേഖലകളാണ് സ്റ്റാർട്ട് അപ്പ് സഹകരണ സംഘങ്ങൾക്കായി ആദ്യ ഘട്ടത്തിൽ പരിഗണിക്കുന്നത്; വിശദാംശം നൽകാമോ?

ഏത് മേഖലയിൽ പ്രാവീണ്യമുള്ളവരേയും സ്റ്റാർട്ട് അപ്പ് സഹകരണ സംഘങ്ങളുടെ രൂപീകരണത്തിനായി പരിഗണിക്കുന്നുണ്ട്. ഐ.ടി. മേഖലയിലുള്ളവർ, സിനിമ/ഡോക്യുമെന്ററി/ഷോർട്ട് ഫിലിം നിർമ്മാണം/സംഗീത മേഖലകളിൽ തല്പരർ, ഡിസൈൻ/ആർട്ടിസ്റ്റ് തുടങ്ങിയ മേഖലയിൽ പ്രവർത്തിക്കുന്നവർ, ഇവന്റ് മാനേജ്മെന്റ്/സേവനങ്ങൾ വീടുകളിൽ എത്തിക്കൽ തുടങ്ങിയ ജോലികൾ ചെയ്യുന്നവർ, ഭക്ഷ്യ സംസ്കരണ വിപണന മേഖല/തനത് കാർഷിക വിഭവങ്ങളുടെയും മൂല്യവർധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണം, വിതരണം, അഗ്രിക്കൾച്ചറൽ സപ്ലൈ ആന്റ് മാർക്കറ്റിംഗ്, സ്റ്റാർട്ടപ്പുകൾ തുടങ്ങി വിവിധ മേഖലകളിൽ പ്രാവീണ്യമുള്ളവരെ സ്റ്റാർട്ട് അപ്പ് സഹകരണ സംഘങ്ങളുടെ രൂപീകരണത്തിനായി പരിഗണിക്കുന്നു.

(ഡി) യുവാക്കൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ സഹകരണ വകുപ്പുവഴി സ്റ്റാർട്ട് അപ്പുകൾ ആരംഭിക്കാനുള്ള പദ്ധതിയുടെ പ്രവർത്തന പുരോഗതി വിശദമാക്കാമോ?

യുവജന സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടി ക്രമങ്ങൾ പുരോഗമിച്ച് വരികയാണ്. ജില്ലകളിൽ അറിയിപ്പു നൽകിയതിന്റെ ഭാഗമായി ലഭ്യമായിട്ടുള്ള അപേക്ഷകളും പ്രോജക്ടുകളും പരിശോധിച്ച് സമയ ബന്ധിതമായി തുടർ നിർദ്ദേശങ്ങൾ നൽകുന്നതിന് സഹകരണ സംഘം രജിസ്ട്രാർ ഓഫീസിൽ ഒരു പ്രൊപ്പോസൽ ഇവാല്യൂവേഷൻ ടീം രൂപീകരിച്ചിട്ടുണ്ട്. നാളിതുവരെ ലഭ്യമായ അപേക്ഷകൾ പരിശോധിച്ച് രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കുന്നതിന് ജില്ലകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആഗസ്റ്റ് മാസത്തോടെ 25 സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly